# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 4628** **04.02.2014** ൽ മറുപടിക്ക്

**കല്യാശ്ശേരിയിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന റോഡായ പാണപ്പുഴ-കണാരംവയൽ റോഡ്, കുപ്പം-ചുടല-പാണപ്പുഴ റോഡ് എന്നിവ പുനരുദ്ധരിക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

കല്ല്യാശ്ശേരി മണ്ഡലത്തിൽ പാണപ്പുഴ കണാരംവയൽ റോഡിൽ കി.മീ 5/000 മുതൽ 9/500 വരെ ഉപരിതലം പുതുക്കുന്നതിനുള്ള 65 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത റോഡിൽ കി.മീ 11/800 മുതൽ 12/800 വരെ 50 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള സെമിഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുപ്പം-ചുടല-പാണപ്പുഴ റോഡിൽ കി.മീ.1/200 മുതൽ 3/000 വരെയും കി.മീ 4/000 മുതൽ 8/200 വരെയും ഉപരിതലം പുതുക്കുന്നതിനുള്ള 85 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത റോഡിൽ കി.മീ. 0/000 മുതൽ 1/200 വരെ 50 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള സെമിഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ